## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 962** **06-10-2021 - ൽ മറുപടിയ്ക്ക്**

## കൽപ്പറ്റ മണ്ഡലത്തിലെ പാടിക്കര- ചിത്രമൂല ഡാം നവീകരണ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കൽപ്പറ്റ മണ്ഡലത്തിലെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിലെ പാടിക്കര-ചിത്രമൂല ഡാം വി.സി.ബി. കം ടാക്ടർ വേ ആക്കി നവീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ ; | (എ) | 2018-2019 സാമ്പത്തിക വർഷത്തിൽ 14 പ്രൊജക്റ്റ്സ് ഇൻ കാവേരി ബേസിനിൽ ഉൾപ്പെടുത്തി G.O (Rt) No.819/2018/WRD dt 13.11.2018 പ്രകാരം വയനാട് ജില്ലയിലെ കണിയാമ്പറ്റ പഞ്ചായത്തിലെ പാടിക്കര ചിത്രമൂല എന്ന സ്ഥലത്ത് ചെക്ക്ഡാം നിർമ്മാണ പ്രവൃത്തിക്ക് 139.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ തദ്ദേശ വാസികളായ പാടശേഖര സമിതി അംഗങ്ങൾ, ബഹു: എം.എൽ.എ എന്നിവരുടെ അഭ്യർത്ഥന പ്രകാരം സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള വയനാട് ജില്ലയിലെ കണിയാമ്പറ്റ പഞ്ചായത്തിലെ പാടിക്കര ചിത്രമൂല എന്ന സ്ഥലത്ത് ചെക്ക്ഡാം നിർമ്മാണം എന്നതിന് പകരം വയനാട് ജില്ലയിലെ കണിയാമ്പറ്റ പഞ്ചായത്തിലെ പാടിക്കര ചിത്രമൂല എന്ന സ്ഥലത്ത് V.C.B Cum tractor way നിർമ്മാണം എന്ന പേരിലേയ്ക്ക് മാറ്റുന്നതിനായി DSR 2018 പ്രകാരം തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റും ഡ്രോയിംഗും ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ തയ്യാറാക്കി വരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ? | (ബി) | 2018-2019 സാമ്പത്തിക വർഷത്തിൽ 14 പ്രൊജക്റ്റ്സ് ഇൻ കാവേരി ബേസിനിൽ ഉൾപ്പെടുത്തി G.O (Rt) No.819/2018/WRD dt 13.11.2018 പ്രകാരം വയനാട് ജില്ലയിലെ കണിയാമ്പറ്റ പഞ്ചായത്തിലെ പാടിക്കര ചിത്രമൂല എന്ന സ്ഥലത്ത് ചെക്ക്ഡാം നിർമ്മാണ പ്രവൃത്തിക്ക് 139.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ തദ്ദേശ വാസികളായ പാടശേഖര സമിതി അംഗങ്ങൾ, ബഹു: എം.എൽ.എ എന്നിവരുടെ അഭ്യർത്ഥന പ്രകാരം സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള വയനാട് ജില്ലയിലെ കണിയാമ്പറ്റ പഞ്ചായത്തിലെ പാടിക്കര ചിത്രമൂല |

| | | | |
|---|---|---|---|
| | | | എന്ന സ്ഥലത്ത് ചെക്ക്ഡാം നിർമ്മാണം എന്നതിന് പകരം വയനാട് ജില്ലയിലെ കണിയാമ്പറ്റ പഞ്ചായത്തിലെ പാടിക്കര ചിത്രമൂല എന്ന സ്ഥലത്ത് V.C.B Cum tractor way നിർമ്മാണം എന്ന പേരിലേയ്ക്ക് മാറ്റുന്നതിനായി DSR 2018 പ്രകാരം തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റും ഡ്രോയിംഗും ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ തയ്യാറാക്കി വരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ